**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1611** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹോർട്ടിക്കോർപ്പ് പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക നൽകിയിട്ടില്ലാത്തതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഹോർട്ടിക്കോർപ്പ് പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക നൽകാനായി 03-02-2022 ലെ സ.ഉ. (സാധാ) നം. 77/2022/കൃഷി പ്രകാരം 3 കോടി രൂപയും 04-03-2022ലെ സ.ഉ. (സാധാ) നം. 181/2022/കൃഷി പ്രകാരം 3 കോടി രൂപയും ഉൾപ്പെടെ 6 കോടി രൂപ ഹോർട്ടികോർപ്പിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | കൊവിഡ് കാലത്ത് കൃഷി ചെയ്തവർക്ക് കുടിശിക വന്നതോടെ ബാങ്ക് വായ്പ തിരിച്ചടവ് മുടങ്ങി കർഷകർ കടുത്ത പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് ഒന്നാം ഘട്ടം നേരിടുന്നതിന്റെ ഭാഗമായി ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഹ്രസ്വകാല കാർഷിക വായ്പ ഉൾപ്പെടെ എല്ലാത്തരം കാർഷിക വായ്പകളും എടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴ പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം പ്രകാരം 2020 മാർച്ച് 1നും 2020 മേയ് 31 നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ മേയ് 31 നു മുൻപ് പുതുക്കി നൽകിയാൽ പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭ്യമാകുമായിരുന്നു. ലോക്ഡൗൺ നീണ്ടുപോയ സാഹചര്യത്തിൽ മൊറട്ടോറിയം വീണ്ടും മൂന്നു മാസം കൂടി 31-08-2020 വരെ നീട്ടുകയും ചെയ്തു. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഹ്രസ്വകാല കാർഷിക ഉത്പാദന വായ്പ എടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപെടാതെയും പിഴ പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യ പ്രകാരം 2021 മാർച്ച് 1 നും 2021 ജൂൺ 30 നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ 2021 ജൂൺ 30 നു മുൻപ് പുതുക്കി നൽകിയാൽ |

| | | | |
|---|---|---|---|
| | | | പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭ്യമാകുമായിരുന്നു. കാർഷിക വായ്പകൾക്ക് മോറട്ടോറിയം ആറു മാസം കൂടി നീട്ടി നൽകുവാനും, പ്രസ്തുത കാലയളവിൽ പലിശയിളവ് നൽകണമെന്നും സ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ഹോർട്ടി കോർപ്പിന് പണമില്ലാത്തതുകൊണ്ടാണ് കുടിശ്ശിക നികത്താൻ സാധിക്കാത്തത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ക്രിയാത്മകമായ ഇടപെടൽ നടത്തുമോ; വിശദമാക്കുമോ? | (സി) | ഹോർട്ടിക്കോർപ്പ് പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക നൽകാനായി 03-02-2022 ലെ സ.ഉ. (സാധാ) നം. 77/2022/കൃഷി പ്രകാരം 3 കോടി രൂപയും 04-03-2022ലെ സ.ഉ. (സാധാ) നം. 181/2022/കൃഷി പ്രകാരം 3 കോടി രൂപയും ഉൾപ്പെടെ 6 കോടി രൂപ ഹോർട്ടികോർപ്പിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ